**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി - ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.മനു മോഹൻ എസ്.ന്റെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്ത് അദ്ദേഹത്തിന്റെ മാതൃസ്ഥാപനമായ തദ്ദേശസ്വയം ഭരണ വകുപ്പ് എൻജിനിയറിംഗ് വിംഗിലേക്ക് തിരികെ പ്രവേശിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാ.ധാ)നം.2357/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 04.09.2018**

================================================================

**പരാമർശം**-(1) ജി.ഒ (ആർ.ടി) നം.3230/2017/ത.സ്വ.ഭ.വ തീയതി 06.10.2017

(2) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/07/2018 തീയതിയിലെ എൽ.എഫ് 10/2017/ലൈഫ് നമ്പർ കുറിപ്പ്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിലെ സിവിൽ എൻജിനീയറായ ശ്രീമനു മോഹൻ.എസ്.ന് പരാമർശം (1) പ്രകാരം ഒരു വർഷത്തേക്ക് ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി. ടിയാൻ 20.10.2017 പൂർവ്വാഹ്നം മുതൽ ടി തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. 19.10.2018 വരെ ശ്രീ.മനു മോഹൻ എസ്. ന് നൽകിയ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനം റദ്ദു ചെയ്തുകൊണ്ടു അദ്ദേഹത്തിന്റെ മാതൃസ്ഥാപനമായ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിംഗിലേക്ക് തിരികെ പ്രവേശിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീ.മനുമോഹന്റെ തുടർന്നുള്ള ഡെപ്യൂട്ടേഷൻ കാലയളവ് റദ്ദ് ചെയ്തുകൊണ്ട് ടിയാന്റെ മാതൃസ്ഥാപനമായ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിലേക്ക് തിരികെ പ്രവേശിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ശ്രീ.മനുമോഹൻ.എസ് (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ